**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1007** **12-06-2024 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ജലവിഭവ വകുപ്പിന്റെ അതിഥി മന്ദിരത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത അതിഥി മന്ദിരം നിലവിൽ താമസയോഗ്യമാണോ; വ്യക്തമാക്കാമോ; | (എ) | തളിപ്പറമ്പ് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജലവിഭവ വകുപ്പിലെ പ്രോജക്ട്-1 കാര്യാലയത്തിനു കീഴിലുള്ള പറശ്ശിനിക്കടവ് ഇൻസ്പെക്ഷൻ ബംഗ്ലാവ് അറ്റകുറ്റ പ്പണികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം പറശ്ശിനിക്കടവ് മുത്തപ്പൻ മറപ്പുര ക്ഷേത്രത്തിന് സമീപമാണ്. ഒരു വരാന്ത, അറ്റാച്ച്ഡ് ടോയിലെറ്റോടുകൂടിയ എ.സി.ബെഡ് റൂമുകൾ, ഒരു ഹാൾ, കിച്ചൺ എന്നീ സൗകര്യങ്ങൾ ഉള്ള പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവ് നിലവിൽ താമസയോഗ്യമാണ്. ടി കെട്ടിടം പൊതുജനങ്ങൾക്ക് കൂടി ഉപയോഗ പ്പെടുത്തുന്നതിനായി വാടകയ്ക്ക് നൽകുന്ന തിനുവേണ്ടിയുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത അതിഥി മന്ദിരം പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നത് പരിഗണിക്കാമോ; | (ബി) | തളിപ്പറമ്പ് മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ജലവിഭവ വകുപ്പിലെ പ്രോജക്ട്-1 കാര്യാലയത്തിനു കീഴിലുള്ള പറശ്ശിനിക്കടവ് ഇൻസ്പെക്ഷൻ ബംഗ്ലാവ് അറ്റകുറ്റ പ്പണികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം പറശ്ശിനിക്കടവ് മുത്തപ്പൻ മറപ്പുര ക്ഷേത്രത്തിന് സമീപമാണ്. ഒരു വരാന്ത, അറ്റാച്ച്ഡ് ടോയിലെറ്റോടുകൂടിയ എ.സി.ബെഡ് റൂമുകൾ, ഒരു ഹാൾ, കിച്ചൺ എന്നീ സൗകര്യങ്ങൾ ഉള്ള പ്രസ്തുത ഇൻസ്പെക്ഷൻ ബംഗ്ലാവ് നിലവിൽ താമസയോഗ്യമാണ്. ടി കെട്ടിടം പൊതുജനങ്ങൾക്ക് കൂടി ഉപയോഗ പ്പെടുത്തുന്നതിനായി വാടകയ്ക്ക് നൽകുന്ന തിനുവേണ്ടിയുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | തളിപ്പറമ്പ് മണ്ഡലത്തിലെ അമൃത് കുടിവെള്ള പദ്ധതിയുടെ മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലുള്ള പ്രവർത്തന പുരോഗതി ലഭ്യമാക്കാമോ; | (സി) | **(i)** തളിപ്പറമ്പ് മണ്ഡലത്തിലെ തളിപ്പറമ്പ് മുനിസിപ്പാലിറ്റി:-<br><br>**പാക്കേജ് 1** - പുളിമ്പറമ്പ - ഇതു വരെയായി 9 കിലോമീറ്റർ വിതരണ പൈപ്പ് ലൈനുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും 726 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>**പാക്കേജ് 2** - പുഷ്പഗിരി - 16.03.2024 ന് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>**(ii)** തളിപ്പറമ്പ് മണ്ഡലത്തിലെ ആന്തൂർ മുനിസിപ്പാലിറ്റി:-<br><br>ഇതു വരെയായി 10 കിലോമീറ്റർ വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കു കയും 2700 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തളിപ്പറമ്പ് മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള പുരോഗതി ലഭ്യമാക്കാമോ? | (ഡി) | തളിപ്പറമ്പ് മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ള കണക്ഷനുകൾ നൽകിയതിന്റെ പഞ്ചായ ത്തടിസ്ഥാനത്തിൽ കണക്ഷൻ നൽകിയ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>(i) കുറുമാത്തൂർ പഞ്ചായത്ത് - 5214 എണ്ണം<br><br>(ii)ചപ്പാരപ്പടവ് പഞ്ചായത്ത് - 2793 എണ്ണം<br><br>(iii)പരിയാരം പഞ്ചായത്ത്- 6624എണ്ണം<br><br>(iv) മലപ്പട്ടം പഞ്ചായത്ത്- 2006 എണ്ണം<br><br>(v) കൊളച്ചേരി പഞ്ചായത്ത്- 4367 എണ്ണം<br><br>vi) കുറ്റിയാട്ടൂർ പഞ്ചായത്ത്- 1784 എണ്ണം<br><br>vii) മയ്യിൽ പഞ്ചായത്ത് - 2762 എണ്ണം |

സെക്ഷൻ ഓഫീസർ